[ളും ||
ക്രൂരമൃഗാധിപനഹമെന്നതു മനതാരതിലല്പവുമോരാതിഹ നീ |
ധീരതയോടെൻ തിരുവുള്ളത്തിനു നീരസമിന്നു വരുത്തിയമൂലം ||
കൂറ വെടിഞ്ഞിഹ നിൻതലയിന്നൊരു നുറുനുറക്കായ്ക്കീറിനുറുക്കി |
കാലപുരത്തിനയപ്പതിനൊട്ടും കാലവിളംബനമില്ല നമുക്കു ||
കാളീതനയൻ ഗണപതിനിന്നുടെ മേലേറീട്ടു നടപ്പൊൻ വന്നെ
[ൻ |
കാലിനുവീണു വണങ്ങിയിരക്കിൽ പോലുമഹം വിടുകില്ലെടനിന്നെ||
എന്നിവരോഷവശേന മൃഗേന്ദ്രൻ ചൊന്നതു കേട്ടു മഹാഭയമ
[കതളിർ |
തന്നിൽനിറഞ്ഞു നടുങ്ങിവിറച്ചതിഖിന്നതയോടെ കരഞ്ഞു നമി
[ച്ചു ||
ഉന്ദുരുതാനും മൃഗരിപുതന്നൊടു തന്നുരുഖേദത്തോടുരചെയ്യാൻ |
അയ്യൊ മൃഗവരദാസനഹം തവ ചെയ്യൊല്ലെ മമ നിധനമിദാനീം ||
കൈവഷളാക്കുകയെന്നിയെ നാഥൻ ചെയ്യതുമറെറന്തെൻ നിധ
[നത്താൽ |
ഭക്തജനപ്രിയ ഹരികുലതിലക ഭക്തൻതവ ഞാനെന്നറിയേണം ||
ചീൎത്തുമുഴുത്തൊരു വൃദ്ധതയാലെൻ നേത്രയുഗത്തിനു കാഴ്ചകുറ
[ഞ്ഞു |
ധൂൎത്തല്ലതു കാരണമായടിയൻ രാത്രിയിൽ നേൎവ്വഴി കാണാഞ്ഞതി
[നാൽ ||
ആൎത്തപരായണ സുമതെ നിൻതിരുമൂൎത്തിയിലിത്തിരി തട്ടിപ്പോ
[യി |
ഓൎത്തുംകൊണ്ടിതു ചെയ്തില്ലെൻ പരമാൎത്ഥം ബോധിച്ചീടുക കൃപ
[യാ ||
യുക്തിപറഞ്ഞു ഫലിപ്പിപ്പാനായുക്തിയിൽ വൈഭവമില്ലടിയനും |
മൂത്തുനരെച്ചൊരു മുതുവെലി ഞാനെന്നോൎത്തു പൊറുത്തീടേണമ
[ബദ്ധം ||
ഇത്തരമേകിപ്പുനരപി സംസ്തുതകീൎത്തന മതിനാൽ സ്തുതിചെയ്യെ
[വം (വൃത്തഭേദം:)

ജയജ്ജയ മൃഗരിപുവര സുമതെ—ജയജ്ജയ ഭവതു നമൊ മമ തെ ।
ജയ വിപിനാവനിതലനൃപതെ ജയ ഗൗരവജിതപരസമിതെ. ॥
ജയ ബഹുഭുജബല വീൎയ്യനിധെ ജയകൃതമുടെതരകളഭവധെ. ।
ജയജ്ജയ പദനതജനബന്ധൊ ജയജ്ജയ ബഹുവിധഗുണസി
[ന്ധൊ. ॥
ഇങ്ങിനെ പാടിസ്തുതി,ചെയ്യതുകേട്ടങ്ങു മൃഗേന്ദ്രനു തുഷ്ടിമുഴുത്തു ।
ഭോകഭയം വേണ്ടെന്നരചെയ്തുവനാഖുവെ വിട്ടു മനസ്സലിവോ
[ടും ॥
മൂഷികനപ്പോൾ കേസരിയെ പരിതോഷസമേതം തൊഴുതുരചെ
[യ്താൻ ।
ഉത്തമ ഗുണഗണജലധെ കേസരിസത്തമ കരുണാചിത്ത നമ
[സ്തെ ॥
അത്യുപകാരം ചെയ്തുഭവാനൊരു പ്രത്യുപകാരം ചെയ്യതിനുള്ളിൽ ।
അത്യാഗ്രഹമുണ്ടടിയന്നവസരമെത്തുമ്പൊളതു ചെയ്യൻ നൂനം ॥
ഇപ്പോളടിയൻ വിടകൊള്ളുന്നെന്നിപ്പരിചുരചെയ്തൊലി നടകൊ
[ണ്ടാൻ ।
കെല്പിയലുന്ന മൃഗേന്ദ്രൻ ചിരിയൊടുമപ്പൊഴുതിങ്ങിനെ മനസികഥി
[ച്ചാൻ ॥
ഹൊ ഹൊ മൂഢ നിന്നെക്കൊണ്ടൊരു സാഹായമ്മമവരുവാനു
[ണ്ടൊ ।
മോഷണമതിനതി ചതുരതപെരുകിയ മൂഷിക നിന്നാലെന്തുപകാ
[രം ॥
മത്തമതംഗജമസ്തകകുംഭപ്രസ്ഫുരപാടനപടുവായഖിലജ ।
ഗത്തിനു നായകനായ നമുക്കൊരു പ്രത്യുപകൃതി ചെയ്യതിനായി
[പ്പൊൾ ॥
ഛിദ്രം തന്നിലൊളിച്ചു വസിപ്പൊരു ക്ഷുദ്രപ്രാണി തുനിഞ്ഞതുകൊ
[ള്ളാം ।
ഇങ്ങിനെ മൂഷികമാക്ഷേപിച്ചു മംഗലമാൎന്നു വസിച്ചു മൃഗെന്ദ്ര
[ൻ ॥
അന്നൊരുനാളക്കാനനസീമനി വന്നൊരു കാട്ടാളൻ വലവെച്ചാ
[ൻ ।
മൂഢൻ മൃഗപതി മദമാൎന്നിതരമൂഢകുതൂഹലമോടും വിപിനെ ॥
ഓടിച്ചാടി നടക്കും സമയെ വേടൻവെച്ചൊരു വലയതിൽ വീണു ।
പേടിയണഞ്ഞു ചമഞ്ഞു തദാനീമൊടിയകന്നിതു പാടവമെല്ലാം ॥

ആടൽ മുഴുത്തഥ കേസരിവീരൻ കാടകമൊക്ക നടുങ്ങുംവണ്ണം |
പ്രളയഘനധ്വനിയുണ്ടാകുകയൊ ജലധികലങ്ങി മറിഞ്ഞീടുക [യൊ ||
എന്തൊരു ശബ്ദമിതെന്നോൎത്തവനും രന്ധ്രനിന്നു പുറത്തുകരേ [റി |
തൻചെവി ചാച്ചഥ ചഞ്ചലഹീനം കിഞ്ചന നേരം പാൎത്തൊരു [സമയെ ||
പഞ്ചാനനരവമെന്നതറിഞ്ഞവനഞ്ചാതവിടെക്കോടിച്ചെന്നു. |
സിന്ധുരരിപുതൻബന്ധനമത്തു നിജദന്തബലേന കടിച്ചുമുറിച്ചു ||
ബന്ധുതയാ മൃഗനാഥനു മോക്ഷം ഹന്തകൊടുത്തിതു മൂഷികവീര [ൻ |
ഭീതിവെടിഞ്ഞഥ കേസരിതാനും പ്രീതിയൊടെലിയെത്തഴുകിച്ചൊ [ന്നാൻ ||
സാധുകൃതം ഭവതാ മമ ബന്ധൊ ആധിയൊഴിഞ്ഞിതു നിൻ കൃപ [യാലെ |
വ്യാധന്മൂലമിനിക്കുവരേണ്ടുംബാധെക്കൊക്കെയുമുപശമമുണ്ടായ് ||
സങ്കടമതിൽ നിന്നെന്നെ വിട്ടൊരു നിൻക്രിയ വൻക്രിയയ [ത്രെ മഹാത്മൻ |
മത്സരമെന്നി കൃതസ്മൃതിചെയ്വൊൻ തത്സമനായിട്ടൊരുവനുമില്ല ||
സല്ഗുണജലധെ നിന്നുടെ വൃത്തംവല്ഗുതരം ഹൃദിപാൎക്കുന്തോറും |
സൽക്രിയചെയ്വാനഭിലാഷം തവ ഹൃൽക്കമലത്തിൽ വസിപ്പതു [മൂലം ||
സൽകുലസംഭവ മൂഷിക വിവിധമഹൽക്രിയ ചെയ്വാനാളല്ലൊ [നീ |
ഇങ്ങിനെ മൂഷികനെ സ്തുതിചെയ്തവനങ്ങു സുഖത്തിൽ വസിച്ചു [വനത്തിൽ ||

ഒരു സൽക്രിയയുടെ പ്രതിഫലം

ഗൎമ്മന്യരാജ്യത്തിൻെറ ഒരു വലിയ നഗരത്തിൽ വെച്ചു ഒമ്പതു വയസ്സുള്ളൊരു ആൺകുട്ടി അങ്ങു ഒരു കോണിൽ നിന്നുകൊണ്ടു കടന്നു പോകുന്നവരൊടു ഭിക്ഷ യാചിച്ചും കീറത്തുണിയുടുത്തും ശീതം സഹിച്ചുകൂടായ്കയാൽ മുഖം നീലിച്ചും കാലുകൾ തമ്മിൽഅടിച്ചു വിറച്ചും കണ്ണുനീർ ഓലോലമായി ഒഴുകിയും കൊണ്ടിരിക്കുമ്പോൾ കടന്നു പോകുന്ന പലരും അവൻെറ പരവശതയെ വിചാരിയാതെ വെറുതെ ഒഴിഞ്ഞുപോകുന്നതിനെ കുട്ടി കണ്ടു അതിദുഃഖിതനായി. അയ്യയ്യൊ! ഞാനും മരിച്ചു, എൻെറ അമ്മയൊടു കൂട മണ്ണിന്നടത്തിൽ കിടന്നാൽ കൊള്ളായിരുന്നു എന്നു വിലാപിച്ചു, നിട്ടുവീൎത്തു പറയുന്നതിനെ അപ്പോഴെക്കു ആ സ്ഥലത്തിൽ എത്തിയിരുന്ന ഒരു ധനവാൻ കേട്ടു, കുട്ടിയുടെ പരാധീനതയെ കണ്ടു, അവനിൽ കൃപ തൊന്നി അരികത്തു ചെന്നു: ഹാ! കുട്ടിയെ നീ എന്തിന്നു കരയുന്നു എന്നു സ്നേഹപൂൎണ്ണമായി ചോദിച്ചാറെ, കുട്ടി പിന്നെയും വീൎത്തു കൈ രണ്ടും നീട്ടി, അല്ലയൊ തമ്പുരാനെ! ഇന്നലെയും ഇന്നും ഞാൻ ഒരു വസ്തുവും ഭക്ഷിച്ചില്ല. അല്പം ആഹാരം വാങ്ങെണ്ടതിന്നു എനിക്കു രണ്ടു പൈസ്സ തരെണം എന്നു അപേക്ഷിച്ചപ്പോൾ, ആ ധനവാൻ നിൻെറ പേർ എന്ത എന്നും ബന്ധുക്കൾ ആർ എന്നും ചൊദിച്ചതിന്നു കുട്ടി, എൻെറ പേർ ജോൎജ്ജ എന്നും അച്ഛൻ മരിച്ചിട്ടു വളരെ നാളായി അമ്മയുടെ ശവത്തെ മിനിഞ്ഞാന്നത്രെ അടക്കിയതു, ഇനി എനിക്കു ഭൂമിയിൽ യാതൊരു ബന്ധുക്കളുമില്ല, അമ്മ പാൎത്തിരുന്ന കുടിയിൽ നിന്നു അവളുടെ ശവം എടുത്ത ശേഷം ജന്മി എന്നെ ആട്ടിക്കളഞ്ഞു. ഈ കഴിഞ്ഞ രണ്ടു രാത്രികളിൽ ഞാൻ കുതിരപ്പന്തിയിൽ കിടന്നു ശീതവും വിശപ്പും സഹിച്ചു വളരെ കഷ്ടം അനുഭവിച്ചു, എന്നുംമറ്റും കുട്ടി ബഹു വിവശതയോടെ പറഞ്ഞപ്പോൾ, ധനവാൻ നീ എഴുത്തപള്ളിയിൽ പൊയി പഠിച്ചു, വായിപ്പാനും എഴുതുവാനും ശീലിച്ചുവൊ? എന്നതിന്നു കുട്ടി, എനിക്കു പഠിപ്പാൻ വളരെ ആഗ്രഹമുണ്ടായിരുന്നു എങ്കിലും, എൻെറ അമ്മയുടെ ദാരിദ്ര്യം നിമിത്തം അതിന്നു സംഗതി വന്നില്ല എന്നു പറഞ്ഞു.

അപ്പൊൾ വല്ലട്ടൻ എന്ന ധനവാൻ ആ കുട്ടിയെ കൂട്ടിക്കൊണ്ടു, ഒരു സത്രത്തിലേക്കു ചെന്നു അവനെ നല്ലവണ്ണം ഭക്ഷിപ്പിച്ചു തൃപ്തി വരുത്തിയ ശേഷം, തൻെറ വീട്ടിലെക്കു വരുത്തി, പണിക്കാരനായ ന്യൂററൻ എന്നവനെ വിളിച്ചു: നീ ഈ കുട്ടിയെ കണ്ടുവൊ? നീ ഇ

വനെ നല്ലവണ്ണം വിചാരിച്ചു ആവശ്യമുള്ള തീനും ഉടുപ്പും കൊടുത്തു,
അവനെ ദിവസേന എഴുത്തുപള്ളിയിൽ അയച്ചു വെണ്ടുംവണ്ണം
രക്ഷിച്ചു പൊരെണം എന്നു കല്പിച്ചു. അന്നുതുടങ്ങി ജോൎജ്ജ ആ ധ
നവാന്റെ വീട്ടിൽ പാൎത്തു, നല്ല അനുസരണവും ദൈവഭക്തിയു
മുള്ളൊരു കുട്ടിയാകകൊണ്ടു, തന്റെ പോററച്ഛനും, തന്നെ പഠിപ്പി
ച്ചുവരുന്ന ഗുരുക്കന്മാൎക്കും വളരെ സന്തൊഷം വരുത്തി, ൧൮ വയ
സ്സാകുവോളം അവിടെ പാൎത്താറെ, അവൻ തന്റെ പോററച്ഛന്റെ
കല്പനപ്രകാരം ഒരു വിദ്യാശാലയിൽ പ്രവേശിച്ചു, ധൎമ്മശാസ്ത്രം ന
ന്നായി പഠിച്ചതിൽ പിന്നെ, അവൻ ഒരു സൎക്കാർ ഉദ്യൊഗം ഏററു
എങ്കിലും, ആ വേലയുടെ കാഠിന്യത്താൽ അവനു ദീനം പിടിക്കകൊ
ണ്ടു അതിനെ വിടെണ്ടിവന്നതല്ലാതെ, താൻ സൂക്ഷിച്ചുവെച്ച പ
ണങ്ങൾ ഒരു കച്ചവടം കൊണ്ടു നഷ്ടമായശേഷം, അവൻ തന്റെ
പോററച്ഛനായ വല്ലന്റെ അടുക്കലെക്കു ചെന്നു അവനും കച്ചവടം
കൊണ്ടു പണനഷ്ടം സഹിച്ചു മഹാ ദരിദ്രനായി ഒരു ചെറിയ കുടി
യിൽ പാൎത്തു, തന്റെ മുമ്പെത്ത പണിക്കാരനായ ന്യൂററന്റെ ദയ
കൊണ്ടു ഉപജീവനം കഴിക്കുന്നതിനെ കണ്ടു വളരെ ദുഃഖിച്ചു, ന്യൂ
ററനുമായി നിരൂപിച്ചു പോററച്ഛന്റെ സങ്കടം രാജാവിന്റെ ഒരു
മന്ത്രിയൊടു അറിയിപ്പാൻ നിശ്ചയിച്ചു, ആയവനെ ചെന്നു കണ്ടു
വല്ലന്റെ അവസ്ഥയെ ഉണൎത്തിച്ചാറെ, വല്ലൻ താൻ വന്നു ഈ
കാൎയ്യം ബോധിപ്പിക്കാതെ ഒരു അന്യനെ അയക്കുന്നത എന്തിനു എ
ന്നു ചൊദിച്ചപ്പൊൾ, ജോൎജ്ജ ഹാ! തമ്പുരാനെ! ഞാൻ ഒരു അന്യനല്ല
വല്ലന്റെ പോററമകൻ തന്നെ, ഞാൻ അനാഥനായി തെരുവിൽ
വിശപ്പും ശീതവും കൊണ്ടു മരിപ്പാറായിരിക്കുമ്പൊൾ, അവൻ എ
ന്നെ കൈക്കൊണ്ടു എഴുത്തുപള്ളിയിലെക്കും വിദ്യാശാലയിലെക്കും
അയച്ചു വളൎത്തിയിരിക്കുന്നു, എന്നും മററും പറഞ്ഞപ്പൊൾ മന്ത്രി പ്ര
സാദിച്ചു, ഞാൻ കാൎയ്യത്തെ നല്ലവണ്ണം വിചാരിച്ചു സഫലമാക്കിത്ത
രാം എന്നു പറഞ്ഞു അവനെ സ്നേഹത്തൊടെ വിട്ടയക്കുകയും ചെ
യ്തു. പിന്നെ ഒമ്പത ദിവസം കഴിഞ്ഞശേഷം, മന്ത്രി താൻ വല്ലൻ
ജോൎജ്ജിനൊടു കൂടെ പാൎത്തിരുന്ന കുടിയിൽ ചെന്നു, വല്ലനെ ആലിം
ഗനം ചെയ്തു സൎക്കാരിൽ നിന്നു തനിക്കു ഒരു പിഞ്ചൻ നിശ്ചയിച്ച
പ്രകാരം ഒരു പത്രം കൈയ്യിൽ കൊടുത്തതല്ലാതെ, ജോൎജ്ജിനു മന്ത്രി
സ്ഥാനം കിട്ടിയിരിക്കുന്നു, എന്നു വേറെ ഒരു പത്രത്തെ വായിച്ചുകെ
ൾപ്പിച്ച ഉടനെ ജോൎജ്ജ കണ്ണുനീർ വാൎത്തും കൊണ്ടു, മന്ത്രിയുടെ കാല്ക്ക
ൽ വീണു ചുംബിച്ചു, ഈ വലിയ ഉപകാരത്തിന്നു വേണ്ടി ഞാൻ

എൻെറ കൃതജ്ഞതയെ എങ്ങിനെ കാണിക്കേണ്ടു, എന്നു ചൊദിച്ചതിന്നു രാജാവിന്നു പൂൎണ്ണവിശ്വസ്തതയെ കാണിക്കുന്നതിനാൽ തന്നെ, എന്നു മന്ത്രി ചൊല്ലി വല്ലനെ നോക്കി അല്ലയൊ സഖെ! നീ ഈ ദരിദ്രനായ ജോൎജ്ജയെ നിൻെറ ഭവനത്തിൽ വരുത്തി രക്ഷിച്ചതു നിമിത്തം അത്രെ നിണക്ക ഈ സന്തോഷം വന്നിരിക്കുന്നു എന്നു പറഞ്ഞു പോകയും ചെയ്തു. പിന്നെ ജോൎജ്ജ രാജസന്നിധിയിൽ ചെന്നു വിശ്വസ്തതയെ കാട്ടി, തൻെറ പോററച്ശനെയും അവൻെറ പണിക്കാരനായ ന്യൂററനെയും നല്ലവണ്ണം വിചാരിച്ചു, കൃതജ്ഞനായിരുന്നു. എളിയവനെ കനിഞ്ഞുകൊള്ളുന്നവൻ ദൈവത്തിന്നുവായ്പ കൊടുക്കുന്നു. അവൻെറ ഉപകാരത്തിന്നു താൻ പകരം ചെയ്യും, എന്ന ദൈവവചനത്തിൻെറ സത്യം വല്ലനും കണ്ടു ജീവനൊളം അനുഭവിക്കയും ചെയ്തു.

൧൮൬൦ാമതിലെ ൪൫ാം നമ്പ്ര ആക്ട.

ഇതിന്നു ശിക്ഷാനിബന്ധനവും ദണ്ഡകധൎമ്മവും എന്ന അൎത്ഥമാകുന്ന പെനൽ കോട്ട് എന്ന പേർ നടപ്പായിരിക്കുന്നു. ഈ ധൎമ്മപ്രകാരം സൎക്കാർ ഉദ്യോഗസ്ഥന്മാർ ന്യായം വിസ്തരിച്ചു കുററക്കാരെ ശിക്ഷിക്കെണ്ടതാകകൊണ്ടും മുമ്പെ നടപ്പായിരുന്ന ധൎമ്മന്യായങ്ങൾക്കും ഈ ധൎമ്മന്യായങ്ങൾക്കും പല വ്യത്യാസങ്ങൾ ഉണ്ടാകകൊണ്ടും ഈ ശിക്ഷാനിബന്ധനത്തിൽ നിന്നു ചില മുഖ്യ ന്യായങ്ങളെ എടുത്തു നമ്മുടെ പഞ്ചാംഗത്തിൽ ചേൎത്തിരിക്കുന്നു.

൧ാം അദ്ധ്യായം.

൨. ഈ നിബന്ധനപ്രകാരം ചെയ്യരുതാത്തതിനെ ചെയ്കയൊ ചെയ്യെണ്ടുന്നതിനെ ചെയ്യാതിരിക്കയൊ എന്നു കണ്ടു വല്ലവനെ കുററക്കാരൻ എന്നുവിധിച്ചു ശിക്ഷയിൽ ഉൾപ്പെടുത്തിയാൽ ൧൮൬൧ മെയി ൧ാം നു- മുതൽ ഈ ധൎമ്മത്തിൻെറ നിബന്ധനപ്രകാരം വിസ്തരിച്ചു വിധിപ്പാൻ കഴിവുള്ളു.

൨ാം അദ്ധ്യായം.

൮. അവൻ എന്ന പ്രതിസംജ്ഞയും അതിന്നു സംബന്ധിച്ച ശബ്ദങ്ങളും പുല്ലിംഗമാകുന്നെങ്കിലും ആണിന്നും പെണ്ണിന്നും ഒരു പൊലെ കൊള്ളുന്നതാകുന്നു.

൯. ഏകവചനത്തിന്നു ബഹുവചനാൎത്ഥവും, ബഹുവചനത്തിന്നു ഏകവചനാൎത്ഥവും ആവശ്യം പൊലെ കല്പിക്കും.

൧൦. പുരുഷനും ആണും എന്നുള്ളതു ഏതു പ്രായത്തിലുള്ള പുരുഷനെയും സ്ത്രീയും പെണ്ണും എന്നുള്ളതു ഏതു പ്രായത്തിലുള്ള സ്ത്രീയെയും സൂചിപ്പിക്കുന്നു.

൧൧. മനുഷ്യനും ആളും എന്ന ശബ്ദത്തിൽ യൊഗം, സംഘം എന്നിവയും ചെരും.

൧൯. ജഡ്ജി (ന്യായാധിപൻ) എന്ന ശബ്ദം ജഡ്ജി എന്ന പെരുള്ള അധികാരസ്ഥാനത്തെ ലഭിച്ചവൻ മാത്രമല്ല സിവിൽ ക്രിമിനാൽ വ്യവഹാരങ്ങളിൽ ഈ നിബന്ധനപ്രകാരം ന്യായം വിസ്തരിച്ചു വിധിപ്പാൻ അധികാരം പ്രാപിച്ചിട്ടുള്ള ഏതു സൎക്കാർ ഉദ്യൊഗസ്ഥനെയും സൂചിപ്പിക്കുന്നു.

൨൦. കോൎട്ട് ആഫ ജസ്റ്റിസ് (ന്യായവിസ്താരസ്ഥാനം) എന്നതു ഒർ ഉദ്യൊഗസ്ഥനൊ പലരും കൂടിയൊ ന്യായാധിപതിയുടെ അധികാരത്തെ നടത്തിച്ചു കൊണ്ടിരിക്കുന്ന കാൎയ്യം തന്നെ ആകുന്നു.

൨൧. സൎക്കാർ ഉദ്യൊഗസ്ഥൻ എന്ന പെർ താഴെ കാണിക്കുന്നവൎക്ക മാത്രം പറയുന്നു.

ഒന്നാമതു. മഹാ രാജ്ഞിഅവൎകളുടെ സമയം ഏററ (കൊവ്വന്തട്ട) ഉദ്യൊഗസ്ഥന്മാർ.

രണ്ടാമതു. സൎവ്വാധിപതിയുടെയൊ അധിപതിയുടെയൊ കീഴിൽ രാജ്ഞിയുടെ കരസൈന്യത്തിലാകട്ടെ കപ്പൽ സൈന്യത്തിലാകട്ടെ സേവിക്കുന്ന സനത പ്രാപിച്ച (കമ്മിശനട്ട) ഉദ്യൊഗസ്ഥന്മാർ.

മൂന്നാമതു. സൎവ്വ ന്യായാധിപന്മാർ.

നാലാമതു. ന്യായാധിപസ്ഥാനം പ്രാപിച്ച ഏതു ഉദ്യൊഗസ്ഥനും വല്ല കാൎയ്യത്തെ നടത്തിപ്പാൻ വേണ്ടി ന്യായാധിപസ്ഥാനത്തിൽ നിന്നു അധികാരം ലഭിച്ച ഏതു ഉദ്യൊഗസ്ഥനും.

അഞ്ചാമതു. ന്യായാധിപസ്ഥാനത്തിന്നാകട്ടെ വെറെ സൎക്കാർ ഉദ്യൊഗസ്ഥാനത്തിന്നാകട്ടെ സഹായം ചെയ്യുന്ന ജ്യൂരിയും അസ്സെസ്സരും (പഞ്ചായക്കാർ)

ആറാമതു. ന്യായസ്ഥാനമുഖാന്തരമാകട്ടെ വല്ല സൎക്കാർ ഉദ്യൊഗസ്ഥാനമുഖാന്തരമാകട്ടെ വല്ല കാൎയ്യത്തെ അന്വെഷിച്ചു തീൎപ്പു വരുത്തെണ്ടതിന്നു നിയമിക്കപ്പെട്ട മദ്ധ്യസ്ഥൻ.

ഏഴാമതു. വല്ലവരെയും പിടിച്ചു തടവു വെപ്പാൻ അധികാരം പ്രാപിച്ച ഉദ്യൊഗസ്ഥൻ.

൨൩. അന്ന്യായമുള്ള ലാഭം എന്ന ശബ്ദം ന്യായപ്രകാരമല്ല ന്യായവിരുദ്ധമായ ഉപായത്താൽ കൈക്കലാക്കുന്ന വസ്തുവിനെ സൂ

ചിപ്പിക്കുന്നു. അന്ന്യായമായ ചേതം എന്നതു ന്ന്യായമാംവണ്ണം അവകാശമാകുന്നതിനെ ന്ന്യായവിരുദ്ധമായ ഉപായങ്ങൾ കൊണ്ടു നഷ്ടമാക്കുന്നതിനെ കുറിക്കുന്നു.

൩൪. വല്ലുവനു അന്ന്യായമായ ലാഭം വരുത്തുകയൊ അന്ന്യായമായ ചേതം പിടിപ്പിക്കയൊ ചെയ്യ്വാലും അപ്രകാരമുള്ളതിനെ വരുത്തുവാൻ നൊക്കിയാലും വഞ്ചന എന്നു ചൊല്ലുന്നു. ആ വക പ്രവൃത്തിക്കുന്നവൻ വഞ്ചകൻ എന്നെ വേണ്ടു.

൩൫. ആരാനും വഞ്ചിക്കെണം എന്നുള്ള വിചാരത്തൊടെ വല്ല കാൎയ്യത്തെയും തുടങ്ങിയാൽ, അവൻ അതിനെ വഞ്ചനയായി ചെയ്യു എന്നു ചൊല്ലുന്നു, അല്ലെങ്കിൽ അല്ല എന്നും പറയും.

൩൬. ആധാരം എന്ന ശബ്ദം ഏതുപ്രകാരവും യാതൊരു അവസ്ഥയിലും വല്ല കാൎയ്യത്തിന്റെ ഉറപ്പിന്നായി ചമച്ചുണ്ടാക്കിയ എഴുത്തിനെ സൂചിപ്പിക്കുന്നു.

൩൭. മരണപത്രിക എന്ന ശബ്ദം വല്ലുവനും താൻ മരിച്ച ശെഷം എന്തു ആകെണം എന്നുള്ളതിനെ നിശ്ചയിച്ചു സ്ഥിരപ്പെടുത്തുവാൻ വെണ്ടി എഴുതിവെച്ചൊരു ആധാരത്തെ സൂചിപ്പിക്കുന്നു.

൩൮. പല ആളുകളും കൂടി ഒരു കുററം ചെയ്യ്വാൽ ആയവരിൽ ഓരൊരുവൻ ആ കാൎയ്യത്തെ താൻ ഏകനായി ചെയ്യുതു പൊലെയുള്ള കുററത്തിന്നു ഉത്തരവാദി ആകുന്നു.

൩൯. വല്ല പ്രവൃത്തികൾ കൊണ്ടും കുററം ജനിച്ചാൽ ഏകനായിട്ടും മററും വല്ലുവനൊടു കൂടീട്ടും ആ പ്രവൃത്തികളിൽ ഒന്നിനെ ചെയ്യു മനസ്സൊടെ ആ കുററം നടത്തിപ്പാൻ സഹായിക്കുന്നവൻ എല്ലാവനും ആ കുററത്തിന്നു ഉത്തരവാദി ആകുന്നു.

൪൦. കുററം എന്ന ശബ്ദം ഈ നിബന്ധനപ്രകാരം ശിക്ഷെക്കു യൊഗ്യം എന്നു നിശ്ചയിക്കപ്പെട്ട ഏതു പ്രവൃത്തിയും കാൎയ്യവും ആകുന്നതിനെ സൂചിപ്പിക്കുന്നു.

൪൧. ഹാനി എന്ന ശബ്ദം വല്ലുവൎക്കും ശരീരത്തിന്നും മനസ്സിന്നും മാനത്തിന്നും ആസ്തിക്കും അന്ന്യായമായി കേടു വരുത്തുന്ന പ്രവൃത്തിയും വാക്കും എന്നുള്ളതിനെ സൂചിപ്പിക്കുന്നു.

൩ാം അദ്ധ്യായം.

ശിക്ഷകളുടെ വിവരം.

൫൩. ഈ ന്യായത്തിന്റെ നിബന്ധനപ്രകാരം കുററക്കാൎക്കു വിധിക്കുന്ന ശിക്ഷകളാവിതു.

ഒന്നാമതു — മരണം.

രണ്ടാമതു — നാടുകടത്തൽ.

മൂന്നാമതു — ശിക്ഷാസേവ.

നാലാമതു — തടവൊട്ടു കൂട കഠിന വേലയും സാധാരണ തടവും.

അഞ്ചാമതു — മുതലടക്കം.

ആറാമതു — പിഴ.

൬൫. ന്യായസ്ഥലത്തിൽ നിന്നു വിധിച്ചിരിക്കുന്ന പിഴ കുററക്കാരൻ കൊടുക്കാതിരിക്കുമ്പൊൾ പിഴക്കു പ്രതി അവന്റെ കുററത്തിന്നായി വിധിച്ച തടവുകാലത്തിന്നു അധികം തടവുകാലം കൂട്ടെണം എങ്കിലും ആ കുററത്തിന്റെ ന്യായമായ തടവുകാലത്തിൽ നാലിലൊർ ഓഹരി മാത്രമെ ആവു.

൬൭. പിഴമാത്രം വിധിച്ചിരിക്കുമ്പൊൾ കുററക്കാരൻ അതിനെ കൊടുക്കാതിരുന്നാൽ ൫൦ ഉറുപ്പികക്കു രണ്ടു മാസവും ൱ ഉറുപ്പികക്കു നാലു മാസവും അതിൽ പരം യാതൊരു സംഖ്യക്കും ആറു മാസവും തടവു മാത്രമെ കല്പിപ്പാൻ കഴിവുള്ളു.

൬൮. പിഴമുതൽ വസൂലാക്കിയ ഉടനെ തടവു തീരെണ്ടതാകുന്നു.

൭൧. പലജാതി കുററങ്ങളിൽ ഓരൊന്നിന്നും പ്രത്യെകമുള്ള നിബന്ധനമില്ല എങ്കിൽ ആ കുററങ്ങളിൽ ഒന്നിന്നു മാത്രമെ ശിക്ഷ കല്പിപ്പാൻ കഴിവുള്ളു.

൪ാം അദ്ധ്യായം.

സാധാരണ നിഷിദ്ധങ്ങൾ.

൭൬. നിബന്ധനയെ നല്ലവണ്ണം ഗ്രഹിക്കാതിരുന്നതിനാലും തെററായി ഗ്രഹിക്കുന്നതിനാലും നിബന്ധനയിൽ വിരൊധിച്ച വല്ല പ്രവൃത്തിയെ വല്ലവനും ചെയ്യു എന്നു വിശ്വസിപ്പാൻ കഴിവുണ്ടെങ്കിൽ ആ പ്രവൃത്തി കുററമായ്വരിക ഇല്ല.

വല്ലവരും നിബന്ധനത്തിന്റെ ന്യായപ്രകാരം ജാഗ്രതയൊടും സൂക്ഷ്മത്തൊടും കൂട നടന്നു കുററം എന്നറിയാതെ നിൎഭാഗ്യവശാൽ യദൃച്ശയാ വല്ല കാൎയ്യത്തിൽ അകപ്പെട്ടു എന്നു വന്നാലും ആ പ്രവൃത്തി കുററമല്ല.

൮൨. ഏഴ വയസ്സിന്നു താഴെയുള്ള കുട്ടി ചെയ്യു യാതൊരു പ്രവൃത്തിക്കു ഈ നിബന്ധനപ്രകാരം കുററം വിധിച്ചു കൂടാ.

൮൩. ഏഴ വയസ്സിന്നു മീതെയും പന്ത്രണ്ടു വയസ്സിന്നു താഴെയുമുള്ളൊരു കുട്ടി വല്ല പ്രവൃത്തി ചെയ്യു എങ്കിലും ആ പ്രവൃത്തിയുടെ സ്വഭാവവും ഫലവും എന്ത എന്നതിനെ കുറിച്ചു ആലൊചിപ്പാൻ ബുദ്ധിയും ശക്തിയും ഇല്ലാത്തവൻ എന്നു തെളിവായി വന്നാൽ ആ പ്രവൃത്തിയും കുററമല്ല.

൮൪. വല്ലവനും വല്ല പ്രവൃത്തി ചെയ്യു ബുദ്ധിയുടെ സ്ഥിരക്കെടു നിമിത്തം ആ പ്രവൃത്തിയുടെ സ്വഭാവം എന്ത എന്നും താൻ ചെയ്യുന്നതു ന്യായവിരുദ്ധമായ അകൃത്യമാകുന്നു എന്നുമുള്ളതിനെ തിരിച്ചറിവാൻ പൊരാത്തവനാകുന്നു എന്നു തെളിവായി വന്നാൽ ആ പ്രവൃത്തിയും കുററമല്ല.

൮൫. വല്ലവനും വല്ല പ്രവൃത്തി ചെയ്യു വരുമ്പൊൾ ആ പ്രവൃത്തിയുടെ സ്വഭാവം എന്ത എന്നും അതു അകൃത്യവും ന്യായവിരുദ്ധമായുമിരിക്കുന്നു എന്നും ലഹരി നിമിത്തം അറിയെണ്ടതിന്നു അശക്തനായിരുന്നു എങ്കിൽ അവന്റെ പ്രവൃത്തി കുററമല്ല എങ്കിലും അവന്നു ലഹരി വരുത്തിയ സാധനം തന്റെ അറിവു കൂടാതെയൊ മനസ്സിന്നു വിരോധമായിട്ടൊ കിട്ടി എന്നുള്ളതു തെളിവായി വന്നാൽ മാത്രം അവൻ കുററക്കാരനല്ല അല്ലാഞ്ഞാൽ അവൻ കുററക്കാരൻ തന്നെ.

൧൪ാം അദ്ധ്യായം.

ജനങ്ങളുടെ സൌഖ്യം സുഖവൃത്തി മൎയ്യാദ സന്മാൎഗ്ഗം എന്നിവററെ സംബന്ധിച്ച കുററങ്ങൾ.

൨൬൮. വല്ലവനും വല്ല പ്രവൃത്തി ചെയ്യു. ആയതു സൎവ്വക്കും അല്ലെങ്കിൽ അയല്പക്കത്തെ പാൎക്കുകയും വസ്തു അടക്കുകയും ചെയ്യുന്ന ജനങ്ങൾക്കും ആകപ്പാടെ ഒരുമിച്ചു ആപത്തും ഉപദ്രവവും വരുത്തുകയൊ, എല്ലാവൎക്കും അവകാശമായിരിക്കുന്ന കാൎയ്യത്തെ നടത്തിക്കുന്നവനു വല്ല ഉപദ്രവമൊ കേടൊ ആപത്തൊ അസഹ്യമൊ വരുത്തുകയൊ, അല്ലെങ്കിൽ ചെയ്യെണ്ടുന്നതിനെ അന്യായമായി ചെയ്യാതിരിക്കയൊ എന്നായി വന്നാൽ ആ മനുഷ്യൻ കുററത്തിൽ ഉൾപ്പെട്ടു ജനസമൂഹത്തിന്നു അസഹ്യകരമായതിനെ ചെയ്യുവനാകകൊണ്ടു തന്റെ കുററത്തിന്നു ഉത്തരവാദി ആകുന്നു. പൊതുവിലുള്ള ഉപ

ദ്രവത്താൽ പൊയ്പ്പൊകുന്ന ആശ്വാസവും പ്രയൊജനവും അല്പമാകുന്നെങ്കിലും കുററമാകാതെ പൊകുന്നില്ല.

൨൩൯. ജീവനു ആപത്തു വരുത്തുവാൻ തക്ക വല്ല രൊഗവും വരുവാൻ സംഗതി വരുത്തുന്നതും അതു പ്രകാരം വരാതിരിക്കയില്ല എന്നറിഞ്ഞിട്ടും ന്യായവിരൊധമായിട്ടൊ ഉദാസീനതയാലൊ അങ്ങിനെയുള്ള പ്രവൃത്തി ചെയ്യുന്നതും കുററം തന്നെ. അപ്രകാരം ചെയ്യുന്നവനു രണ്ടു മാസത്തിൽ പരം ആറു മാസത്തൊളം തടവും പിഴയും കല്പിക്കയും വെണം.

൨൪൦. വല്ലവനും ജീവനു ആപത്തവരുത്തുന്ന വല്ലരൊഗം വരുവാന്തക്ക പ്രവൃത്തിചെയ്തു അങ്ങിനെയുള്ള രൊഗം അതിനാൽ വരുന്നു എന്നുള്ള അറിവുകൊണ്ടു ചെയ്തിരിക്കുന്നു എന്നു വിശ്വസിപ്പാൻ സംഗതി ഉണ്ടെങ്കിൽ ആയവനു രണ്ടു സംവത്സരത്തൊളവും അതിൽ അധികവും തടവൊ വല്ല പിഴയൊ രണ്ടും കൂടയൊ വിധിക്കയും വെണം.

൨൪൧. തിന്നുകയും കുടിക്കുകയും ചെയ്യുന്ന വസ്തുവിൽ വല്ലവനും വല്ലതും കലൎത്തു അതിനെ തിന്മാനും കുടിപ്പാനും ആപത്തുള്ളതാക്കിതീൎത്തു ആവസ്തുവിനെ ഭക്ഷണമൊ പാനീയമൊ എന്നുവെച്ചു അറിഞ്ഞും കൊണ്ടു വില്ക്കയും ചെയ്താൽ അവനു രണ്ടു മാസത്തിൽ പരം ആറു മാസത്തൊളം തടവൊ ൧൦൦൦ ഉറുപ്പികയൊളമുള്ള പിഴയൊ രണ്ടും കൂടയൊ വിധിക്കയും വെണം.

൨൪൨. വല്ലവനും ആപല്കരമാക്കി തീൎത്തതും അങ്ങിനെ ആയിപൊയതും ഭക്ഷണപാനങ്ങൾക്കു കൊള്ളരുതാത്ത വിധമാകുന്ന വല്ല വസ്തുവെ അറിഞ്ഞുകൊണ്ടും അന്നപാനത്തിനായി വില്ക്കയൊ വില്ക്കുവാൻ വെണ്ടി വെച്ചിരിക്കുന്നു എന്നു വിശ്വസിപ്പാൻ സംഗതി ഉണ്ടെങ്കിൽ ആയവനു രണ്ടു മാസത്തിൽ പരം ആറു മാസത്തൊളം തടവൊ ൧൦൦൦ ഉറുപ്പിക പിഴയൊ രണ്ടും കൂടയൊ വിധിക്കയും വെണം.

൨൪൩. വല്ലവനും ഒരു പച്ച മരുന്നെയൊ മററു വല്ല ഔഷധമൊ അവയുടെവീൎയ്യം കുറഞ്ഞുപൊകുവാന്തക്കവണ്ണമൊ അതിന്റെ ഫലം ഭെദിപ്പിപ്പാനൊ ആപല്കരമായ മററും വല്ലതും അതിനൊടു ചെൎത്തിട്ടു കൂട്ടില്ലാത്ത വസ്തു എന്നപൊലെ അതിനെ വില്പാനും പ്രയൊഗിപ്പാനും ഭാവിക്കയൊ ചികിത്സക്കായി വില്ക്കയൊ ഉപയൊഗിക്കപ്പെടുവാൻ സംഗതി ഉണ്ടു എന്നു അറിഞ്ഞുംകൊണ്ടു അങ്ങിനെ ചെയ്താൽ ആയവനു രണ്ടിൽ പരം ആറു മാസത്തൊളം തടവും ൧൦൦൦

ഉറുപ്പിക പിഴയും എന്നിവററിൽ ഒന്നൊ രണ്ടും കൂടയൊ വിധിക്കയും വെണം.

൨൭൫. വല്ലവനും ഒരു പച്ചമരുന്നെയൊ മററുവല്ല ഔഷധമൊ അതിന്റെ വീൎയ്യം കുറഞ്ഞുപൊകുവാനും അതിന്റെ ഉപയൊഗം ഭേദിച്ചുപൊകുവാനും അഥവാ ബാധകരമുള്ള വസ്തു അതിൽ ചെൎന്നുപൊയി എന്നറിഞ്ഞും കൊണ്ടു അതിനെ വില്ക്കയൊ വില്പാൻ കൊടുക്കയൊ വെക്കയൊ കൂട്ടില്ലാത്ത വസ്തു എന്നപൊലെ അതിനെ ചികിത്സക്കായി ദിസ്പെൻസരി എന്ന ദായകശാലയിൽ നിന്നു കൊടുപ്പാൻ സംഗതി വരുത്തുകയൊ മെല്പറഞ്ഞപ്രകാരം അതു കൂട്ടുള്ളതാകുന്നു എന്നു അറിയാതെ അതിനെ ചികിത്സക്കായി പ്രയൊഗിപ്പാൻ സംഗതി വരുത്തുകയൊ ചെയ്താൽ ആയവനു രണ്ടിൽ പരം ആറു മാസത്തൊളം തടവൊ ൧൦൦൦ ഉറുപ്പികയൊളം പിഴയൊ രണ്ടും കൂടയൊ വിധിക്കയും വെണം.

൨൭൬. വല്ലവനും ഒരു പച്ചമരുന്നെയൊ മററുവല്ല ഔഷധമൊ അറിഞ്ഞും കൊണ്ടു പെർ മാററി വില്ക്കയൊ വില്പാൻ കൊടുക്കയൊ വെക്കയൊ ചികിത്സക്കായി ദിസ്പെൻസരിയിൽനിന്നു കൊടുപ്പിക്കയൊ ചെയ്താൽ ആയവനു രണ്ടിൽ പരം ആറു മാസത്തൊളം തടവൊ ൧൦൦൦ ഉറുപ്പികയൊളം പിഴയൊ രണ്ടും കൂടയൊ വിധിക്കെണം.

൨൭൭. സൎവ്വൎക്കും ഉപകാരമായ നീരൊറവൊ കിണർ മുതലായ ജലസ്ഥാനങ്ങളിലെ വെള്ളമൊ മനസ്സാലെ കേടുവരുത്തുകയൊ മലിനപ്പെടുത്തുകയൊ അതിന്റെ സാധാരണ പ്രയൊജനത്തിന്നു കുറവു വരുത്തുന്നവനു മൂന്നു മാസത്തൊളം തടവൊ ൫൦൦ ഉറുപ്പികയൊളം പിഴയൊ രണ്ടും കൂടയൊ വിധിക്കയും വെണം.

൨൭൮. വല്ലവനും സമീപത്ത പാൎക്കുന്നവൎക്കും വല്ല ഉദ്യൊഗം നടത്തിക്കുന്നവൎക്കും രാജമാൎഗ്ഗത്തൂടെ കടന്നപൊകുന്നവൎക്കും സൌഖ്യക്കെടു വരുത്തുവാൻ തക്കവണ്ണം മനസ്സൊടെ വായുവിനെ വിടക്കാക്കിയാൽ അവനു ൫൱ ഉറുപ്പികയൊളം പിഴ വിധിക്കയും വെണം.

൨൭൯. വല്ലവനും മനുഷ്യജീവനു ഹാനി വരുവാൻ തക്കവണ്ണവും ആളുകൾക്കു വെദനയൊ കേടൊ വരുത്തുന്ന വിധത്തിലും അതിവേഗതയൊടൊ സൂക്ഷ്മക്കുറവിനോടൊ വണ്ടിമുതലായ വാഹനങ്ങളെ ഓടിക്കയും ചെയ്താൽ അവനു ആറു മാസത്തൊളം തടവൊ ൧൦൦൦ ഉറുപ്പികയൊളം പിഴയൊ രണ്ടും കൂടയൊ വിധിക്കയും വെണം.

൨൮൦. വല്ലവനും മനുഷ്യജീവനു ഹാനി വരത്തക്കവണ്ണവും ആളുകൾക്കു വെദനയൊ കേടൊ വരുത്തുന്ന വിധത്തിലും അതി

വേഗതയോടും സൂക്ഷ്മക്കുറവിനോടും കൂട വല്ല ഉരുളിനെ നടത്തിച്ചാൽ അവനു ആറു മാസത്തോളം തടവൊ ൧൦൦൦ ഉറുപ്പികയോളം പിഴയൊ രണ്ടും കൂടയൊ വിധിക്കയും വെണം.

൨൮൧. വല്ലവനും കള്ള വെളിച്ചം അടയാളം, ബൊയ എന്ന പൊങ്ങത്തി എന്നിവററിൽ ഒന്നിനെ കാണിച്ചു ഉരു ഓടിക്കുന്നവനെ വഴി തെററിപ്പാൻ നൊക്കുകയൊ തെററിക്കയൊ മനസ്സൊടെ ചെയ്യുൽ ഏഴു മാസത്തോളം തടവൊ പിഴയൊ രണ്ടും കൂടയൊ വിധിക്കയും വെണം.

൨൮൨. വല്ലവനും ആൾക്കു ഹാനി വരത്തക്കവണ്ണം അറിഞ്ഞും കൊണ്ടൊ ഉദാസീനതയാലൊ അധികം ഭാരം ഒരു വണ്ടിയിൽ കയററികൊണ്ടുപൊകയൊ കയററി കൊണ്ടുപൊകുവാൻ സംഗതി വരുത്തുകയൊ ചെയ്യുൽ അവനു ആറു മാസത്തോളം തടവൊ ൧൦൦൦ ഉറുപ്പിക പിഴയൊ രണ്ടും കൂടയൊ വിധിക്കയും വെണം.

൨൮൩. വല്ലവനും വല്ല പ്രവൃത്തിയെ ചെയ്യുന്നതിനാലൊ തൻെറ ആധീനത്തിലും വിചാരണയിലും ഇരിക്കുന്ന വല്ല വസ്തുവെ സൂക്ഷിക്കാതെ ക്രമക്കെടായി ഇടുന്നതിനാലൊ രാജമാൎഗ്ഗത്തിലും വണ്ടികൾ സഞ്ചരിക്കുന്ന ജലമാൎഗ്ഗത്തിലെങ്കിലും വല്ലവൎക്കും ആപത്തൊ കേടൊ ഹാനിയൊ ഉണ്ടാകുവാൻ ഇട വരുത്തിയാൽ അവനു ൨൦൦ ഉറുപ്പികയോളം പിഴ കല്പിക്കെണം.

൨൮൪. വല്ലവനും മനുഷ്യജീവനു ആപത്ത വരുവാനും ആൎക്കെങ്കിലും വേദനയൊ ഹാനിയൊ വരുവാൻതക്കവണ്ണവും ബെഹുവെഗതയോടും സൂക്ഷ്മക്കുറവിനോടും കൂട വല്ലവിഷദ്രവ്യം കൊണ്ടു എന്തെങ്കിലും പ്രവൃത്തിക്കയൊ ആ വക വസ്തുകൊണ്ടു മനുഷ്യജീവനു നഷ്ടം വരുവാൻ ഇട ഉണ്ടു എന്നു അറിഞ്ഞിട്ടും വെണ്ടും വണ്ണം സൂക്ഷിക്കാതെ അങ്ങിനെയുള്ള വിഷവസ്തുവിനെ മനസ്സൊടെയൊ ഉദാസീനതയാലൊ വെറുതെ വെച്ചാൽ അവനു ആറു മാസത്തോളം തടവൊ ൧൦൦൦ ഉറുപ്പികയോളം പിഴയൊ രണ്ടും കൂടയൊ വിധിക്കെണം.

൨൮൫. വല്ലവനും തീകൊണ്ടൊ എളുപ്പത്തിൽ തീപ്പിടിക്കുന്ന വല്ലവസ്തുകൊണ്ടൊ മനുഷ്യജീവനു ആപത്ത വരുവാൻ തക്കവണ്ണവും വല്ലവൎക്കും വെദനയും ഉപദ്രവവും ഉണ്ടാകുന്ന വിധത്തിലും അതിവെഗതയോടൊ ഉദാസീനതയാലൊ വല്ലതും പ്രവൃത്തിക്കയൊ ആ തീ കൊണ്ടൊ എളുപ്പത്തിൽ കത്തുന്നവസ്തുകൊണ്ടൊ മനുഷ്യജീവനു ആപത്തു വരുവാൻ ഇട ഉണ്ടാക്കി തൻെറ പക്കലുള്ള തീയൊ കത്തുന്ന വസ്തുവിനയൊ സൂക്ഷിപ്പാൻ വെണ്ടി ആവശ്യ

മുള്ള ജാഗ്രതയെ അറിഞ്ഞും ഉദാസീനതകൊണ്ടും കാണിക്കാതിരുന്നാൽ ആയവനു ആറു മാസത്തൊളം തടവൊ ൧൦൦൦ ഉറുപ്പിക പിഴയൊ രണ്ടും കൂടയൊ വിധിക്കയുംവെണം.

൨൮൭. വല്ലവനും മനുഷ്യജീവനു ആപത്തൊ വല്ലവൎക്കും വെദനയൊ ഉപദ്രവമൊ വരുത്തുവാൻ ശക്തിയുള്ള വല്ല യന്ത്രം കൊണ്ടും അറിഞ്ഞും ഉദാസീനതകൊണ്ടും വല്ലതും പ്രവൃത്തിക്കയും തന്റെ ആധീനതയിലും വിചാരണയിലുമുള്ള ആ യന്ത്രം കൊണ്ടു മനുഷ്യജീവനു ആപത്തു വരാതിരിക്കെണ്ടതിന്നു വേണ്ടുന്ന ജാഗ്രതയെ അറിഞ്ഞും കൊണ്ടും സൂക്ഷ്മക്കുറവു കൊണ്ടും കാണിക്കാതെയും ഇരുന്നാൽ ആയവനു ആറുമാസം തടവൊ ൧൦൦൦ ഉറുപ്പികയൊളം പിഴയൊ രണ്ടും കൂടയൊ വിധിക്കെണം.

൨൮൮. വല്ലവനും തന്റെ വീടു മുതലായ കെട്ടിനു വല്ല കേടു ഇരിക്കിലൊ ആയതിനെ പൊളിച്ചു നന്നാക്കുമ്പൊഴൊ ആ കെട്ടു തന്നെയൊ അതിന്റെ ഒരു ഭാഗമൊ വീഴുന്നതിനാൽ വല്ല മനുഷ്യജീവനു ആപത്തു വരാതിരിക്കെണ്ടതിന്നു ഇവൻ അറിഞ്ഞും കൊണ്ടൊ ഉദാസീനതയാലൊ വെണ്ടുന്ന ജാഗ്രതയെ ഉപെക്ഷിച്ചു എന്നു തെളിവായി വന്നാൽ അവനു ആറു മാസത്തൊളം തടവൊ ൧൦൦൦ ഉറുപ്പികയൊളം പിഴയൊ രണ്ടും കൂടയൊ വിധിക്കയും വെണം.

൨൮൯. വല്ലവനും തന്റെ വശത്തു വെച്ച വല്ല ജന്തുവിനാലും മനുഷ്യജീവനു ആപത്തും ഉപദ്രവവും ഉണ്ടാകുവാൻ ഇട വരാതിരിക്കെണ്ടതിന്നു ആ ജന്തുവിനെ സൂക്ഷിക്കുന്നതിൽ വെണ്ടുന്ന ജാഗ്രതയെ അറിഞ്ഞും കൊണ്ടും ഉദാസീനതകൊണ്ടും കാണിക്കാതിരുന്നാൽ ആയവനു ആറു മാസത്തൊളം തടവൊ ൧൦൦൦ ഉറുപ്പികയൊളം പിഴയൊ രണ്ടും കൂടയൊ വിധിക്കയും വെണം.

൨൯൦. ഈ നിബന്ധനയിൽ വിവരിച്ചിട്ടില്ലാത്ത വല്ല പ്രവൃത്തി കൊണ്ടും എല്ലാവൎക്കും അസഹ്യത്തെ വരുത്തുന്നവനു ൨൦൦ ഉറുപ്പികയൊളം പിഴ വിധിക്കെണം.

൨൯൧. ജനോപദ്രവം വരുത്തുന്ന വല്ല പ്രവൃത്തി മെലാൽ ചെയ്യരുതു എന്നും ഇന്നിന്ന അവധി കഴിവൊളം ചെയ്യരുതു എന്നും ആവക കല്പിപ്പാൻ അധികാരമുള്ള വല്ല സൎക്കാർ ഉദ്യൊഗസ്ഥനിൽ നിന്നു അങ്ങിനെയുള്ള കല്പന പുറപ്പെട്ടശെഷവും വല്ലവനും അങ്ങിനെയുള്ള ജനോപദ്രവമായ പ്രവൃത്തിയെ ചെയ്കയൊ അവധി കഴിയും മുമ്പെ പ്രവൃത്തിക്കയൊ ചെയ്താൽ അവനു ആറു മാസത്തൊളം സാധാരണ തടവൊ പിഴയൊ രണ്ടും കൂടയൊ വിധിക്കെണം.

൨൯൨. വല്ലവനും അസഭ്യമായ പുസ്തകം പത്രം കടലാസ്സ ചിത്രം വൎണ്ണംകയററിയ ചിത്രം രൂപം പാവ എന്നിവററിൽ യാതൊന്നിനെ ഉണ്ടാക്കുകയൊ ഉണ്ടാക്കിക്കയൊ സമ്മാനമായി കൊടുക്കയൊ വിലക്കൊ കൂലിക്കൊ വാങ്ങുകയൊ അറിഞ്ഞും കൊണ്ടു ജനങ്ങൾ അതിനെ കാണ്മാൻ സംഗതി വരുത്തുകയൊ അപ്രകാരം ചെയ്വാൻ ശ്രമിക്കയൊ സമ്മതിക്കയൊ ചെയ്താൽ അവന്നു മൂന്നു മാസത്തൊളം തടവൊ പിഴയൊ രണ്ടും കൂടയൊ വിധിക്കയും വെണം.

നിഷേധം. ക്ഷെത്രങ്ങൾ വിഗ്രഹങ്ങൾ എഴുന്നെള്ളിപ്പാൻ വെണ്ടുന്ന രഥങ്ങൾ മതസംബന്ധമായി പ്രയൊഗിക്കയും കൊത്തിയും ചായം കയററിയ രൂപം എന്നിവററിന്നു ഈ പകുപ്പു പററുന്നില്ല.

൨൯൩. ആരെങ്കിലും മെപ്പടി പകുപ്പിൽ വിവരിച്ചു വരുന്ന അസഭ്യമായ പുസ്തകമൊ വസ്തുവൊ വില്പാനും ദാനംചെയ്വാനും മഹാലോകൎക്കും കാണ്മാൻ തക്കവണ്ണം വല്ല സ്ഥലത്തു വെച്ചുകൊണ്ടാൽ ആയവന്നു മൂന്നുമാസത്തൊളം തടവൊ പിഴയൊ രണ്ടും കൂടയൊ വിധിക്കെണം.

൨൯൪. വല്ലവനും അസഭ്യമായ പാട്ടു കവിത ജനങ്ങൾക്കു വെറുപ്പു വരുത്തുന്ന വാക്യം എന്നിവററിൽ ഒന്നിനെ പരസ്യമുള്ള വല്ല സ്ഥലത്തൊ അതിന്റെ സമീപത്തൊ വെച്ചു പാടുകയൊ പറകയൊ ഉച്ചരിക്കയൊ ചെയ്താൽ അവന്നു മൂന്നു മാസത്തൊളം തടവൊ പിഴയൊ രണ്ടും കൂടയൊ വിധിക്കെണം.

൧൬ാം അദ്ധ്യായം.

൩൧൨. വല്ലവനും ഗൎഭിണിയായ ഒരു സ്ത്രീയുടെ ഗൎഭം മനസ്സൊടെ ഛിദ്രിപ്പിച്ചു ആയതു ആ സ്ത്രീയുടെ ജീവനെ രക്ഷിപ്പാൻ വെണ്ടി പ്രവൃത്തിച്ചതാകുന്നു എന്നു പൂൎണ്ണമായി വിശ്വസിപ്പാൻ കഴിക ഇല്ലെങ്കിൽ ആയവന്നു മൂന്നു സംവത്സരത്തൊളം തടവൊ പിഴയൊ രണ്ടും കൂടയൊ വിധിക്കയും വെണം. അവളുടെ ഗൎഭം തികഞ്ഞിരിക്കുന്ന സമയത്തിൽ മെൽ പറഞ്ഞ പ്രകാരം ചെയ്തവന്നു ഏഴു സംവത്സരത്തൊളം തടവു വിധിക്കെണം അവൻ പിഴെക്കും കൂടയൊഗ്യനാകയുമാം.

ഒരു സ്ത്രീ താൻ തന്നെ തന്റെ ഗൎഭത്തെ അലസിപ്പിച്ചാൽ മെൽ പറഞ്ഞ കുററം അവളുടെ മെൽ ഇരിക്കും.

൩൧൩. ഒരു സ്ത്രീയുടെ ഗൎഭം തികഞ്ഞെങ്കിലും തികഞ്ഞില്ലെങ്കിലും അവളുടെ സമ്മതം കൂടാതെ മെപ്പടി പകുപ്പിൽ പറഞ്ഞ കുററത്തെ

വല്ലവനും ചെയ്യാൽ അവന്നു ജീവപൎയ്യന്തം നാട്ടുകടത്തലൊ ൧൦ സംവത്സരത്തൊളം തടവൊ വിധിക്കെണം. അവൻ പിഴെക്കും കൂട പാത്രമാകും.

൩൰൪. വല്ലവനും ഗൎഭിണിയായ സ്ത്രീക്കു ഗൎഭം ഛിദ്രിപ്പിക്കെണം എന്ന ആലൊചനയൊടെ ആ സ്ത്രീക്കു മരണം വരുത്തുന്ന വല്ല പ്രവൃത്തി ചെയ്യാൽ ആയവന്നു പത്തു സംവത്സരത്തൊളം തടവു വിധിക്കെണം. അവൻ പിഴെക്കും കൂട യൊഗ്യനാകും ആ പ്രവൃത്തി ആ സ്ത്രീയുടെ സമ്മതം കൂടാതെ ചെയ്തു എങ്കിൽ അവന്നു മരണം വരെ നാട്ടുകടത്തലൊ മെല്പറഞ്ഞ ശിക്ഷയൊ വിധിക്കെണം.

തന്റെ പ്രവൃത്തിയാൽ മരണം വരും എന്നു കുറ്റക്കാരൻ അറിഞ്ഞിട്ടു ആ പ്രവൃത്തി ചെയ്തിരിക്കുന്നു എന്നു നല്ലവണ്ണം തെളിവായി എങ്കിലെ ഈ ശിക്ഷ കല്പിക്കയാവു.

൩൰൫. വല്ലവനും കുട്ടി ജനിക്കും മുമ്പെ ആ കുട്ടി ജീവനൊടെ ജനിക്കാതിരിപ്പാനൊ ജനിച്ചശെഷം ഉടനെ മരിപ്പാനൊ എന്നുള്ള ആലൊചനയൊടെ വല്ലതും പ്രവൃത്തിച്ചു ആ കുട്ടി ജീവനൊടെ പിറക്കുന്നതിന്നു മുടക്കം വരുത്തുകയൊ പിറന്ന ശെഷം ഉടനെ മരിപ്പാൻ സംഗതി വരുത്തുകയൊ ചെയ്യാൽ, ആ പ്രവൃത്തി തള്ളയുടെ ജീവനെ രക്ഷിപ്പാൻ വെണ്ടി ചെയ്തു എന്നു നല്ലവണ്ണം തെളിവായി വരുന്നില്ലെങ്കിൽ അവന്നു പത്തു സംവത്സരത്തൊളം തടവൊ പിഴയൊ രണ്ടും കൂടയൊ വിധിക്കെണം.

൩൰൬. വല്ലവനും മെൽപറഞ്ഞ സംഗതികളിൽ വെച്ചു ഒന്നിനെ പ്രവൃത്തിച്ചു അതിനാൽ മരണം സംഭവിപ്പിച്ചാൽ അവൻ ശിക്ഷായൊഗ്യമായ നരഹത്യ കുറ്റക്കാരനാകുന്നു; ആ പ്രവൃത്തികൊണ്ടു അവൻ ജനിക്കും മുമ്പെ മരിക്കയൊ ജനിച്ചിട്ടു മരിക്കയൊ ചെയ്യു കുട്ടിയുടെ മരണത്തിന്നു കാരണമാകുന്നു അങ്ങിനെത്തവന്നു പത്തു സംവത്സരത്തൊളം തടവു വിധിക്കുന്നതല്ലാതെ അവൻ പിഴെക്കും കൂട യൊഗ്യനാകുന്നു.

൩൰൭. പന്ത്രണ്ടു വയസ്സിന്നു താഴെയുള്ള കുട്ടിയുടെ അച്ഛനൊ അമ്മയൊ പോറ്റിയാളൊ ആ കുട്ടിയെ കേവലം ത്യജിച്ചുകളയെണം എന്ന ആലൊചനയൊടെ വല്ല സ്ഥലത്തും കൊണ്ടുപൊയി പുറത്ത ഇട്ടുകയൊ വിട്ടുകളകയൊ ചെയ്യാൽ അങ്ങിനെത്തവന്നു ഏഴ സംവത്സരത്തൊളം തടവൊ പിഴയൊ രണ്ടും കൂടയൊ വിധിക്കയും വെണം.

പുറത്തായതിനാൽ ആ കുട്ടിക്കു മരണം സംഭവിച്ചു എങ്കിൽ കാൎയ്യത്തിന്റെ അവസ്ഥക്കുതക്കവണ്ണം ആ കുററക്കാരന്റെ മെൽ കുല, നരഹത്യം എന്നവററിൽ ഒന്നിനെ ചുമത്തി ശിക്ഷവിധിപ്പാൻ മെല്പറഞ്ഞ വകുപ്പിന്റെ താല്പൎയ്യം വിരൊധിക്കുന്നില്ല.

൩൧൭. ആരെങ്കിലും ജനിക്കും മുമ്പെയൊ ജനിച്ചശേഷമൊ ജനിക്കുമ്പൊഴൊ മരിച്ചുപൊയിരുന്നൊരു കുട്ടിയുടെ ശവത്തെ രഹസ്യമായി കുഴിച്ചിട്ടുകയൊ മററും വല്ല പ്രവൃത്തികൊണ്ടും ആ കുട്ടിയുടെ ജനനത്തെ മനസ്സൊടെ മറച്ചുവെക്കുകയൊ മറച്ചുവെപ്പാൻ പ്രയത്നിക്കയൊ ചെയ്യാൽ അവന്നു രണ്ടു സംവത്സരത്തൊളം തടവൊ പിഴയൊ രണ്ടും കൂടയൊ വിധിക്കയും വെണം.

വളൎത്തക്കാടുണ്ടാക്കെണ്ടുന്ന ക്രമവും അതിനാലുള്ള നന്മയും.

ജി ഇ. ബല്ലാൎത്ത സായ്പവൎകൾ അഞ്ചാടിപ്പുറത്തുനിന്നു ൧൮൭൭ ജൂലായി ൧൬ നു മലയാം ഗജട്ടിൽ പ്രസിദ്ധപ്പെടുത്തിയ സൂചകത്തിൽ നിന്നു ഓരൊന്നു എടുത്തിരിക്കുന്നു.

൧. നാട്ടിലെ ആവശ്യം.

രാജ്യത്തിൽ എല്ലാടത്തും വിശെഷിച്ചു പട്ടണങ്ങളിലും തീവണ്ടിക്കടുത്ത പ്രദേശങ്ങളിലും മററും വിറകിന്റെ വില കയറിവരുന്നതു കൂടാതെ ചില ഇടങ്ങളിൽ വിറക വെണ്ടും പൊലെ കിട്ടുന്നതു പ്രയാസം; പടിമരങ്ങളുടെ വിലയും അധികമായി പൊങ്ങിവരുന്നു. ആകയാൽ വരുന്ന കാലങ്ങളിൽ മുട്ടിന്നു തക്കവാറു പടിമരവും വിറകും ഉണ്ടാകെണ്ടതിന്നു പലപ്രകാരത്തിലും പ്രയത്നം ചെയ്യുന്നതു ഏററവും ആവശ്യവും ആകുന്നു.

൨. വളൎത്തക്കാടു വെട്ടുന്നതിനാലുള്ള നാശങ്ങൾ.

1. അതല്ലാതെ നടേത്ത കൊല്ലങ്ങളിൽ ഉള്ള മഴ മുമ്പെത്ത പാട്ടിലില്ല കുറഞ്ഞിട്ടു പെയ്യുപ്രകാരം വിശേഷിച്ചു കൃഷിക്കാൎക്കും വയസ്സന്മാൎക്കും ബൊധമുണ്ടല്ലൊ! ആയതു ഇവിടെ വിവരിപ്പാൻ കൂടാത്ത പല സംഗതികളാൽ ഉണ്ടാകുന്നതല്ലാതെ വിശേഷിച്ചു മലയാളത്തിൽ അവിടവിടെ വൻകാട് കുററിക്കാടുകളെ പരക്കെ വെട്ടിത്തെളിച്ചതിനാൽ മെഘങ്ങൾ അധികം ആകൎഷിക്കപ്പെടാതെ മഴ ചുരുങ്ങി വരുന്നതിന്നു ഇടയുണ്ടു. പിന്നെ സ്ഥാവരവൎഗ്ഗങ്ങൾ (മരം ചെടി മുതലായവ കുറയുമളവിൽ പെയ്യുവരുന്ന മഴ വീഴുന്നെടത്തു കുടിച്ചു പൊകാതെ വേഗം ഒഴുകി പൊകുന്നതിനാൽ ആറു കിണർ കുളം മു

തലായത്തു വേനല്കാലത്ത അകാലമായി വററിപ്പൊകും; വിശേഷിച്ചു കൃഷിക്കാക്ക അലമ്പലും ചേതവും പക്ഷെ പഞ്ചവും പരാധീനവും വരുത്തും. ഓരൊ കൊല്ലങ്ങളിൽ പെയ്യുന്ന മഴ ൨൦, ൩൦, ൪൦ വിരൽക്ക കുറഞ്ഞാലും വേണ്ടുന്ന കാട്ടുണ്ടായാൽ മഴവെള്ളം ഉയൎന്ന ദിക്കുകളിൽ കുടിച്ചു പൊയിട്ടു മെല്ലവെ കനിഞ്ഞു വരുമല്ലൊ.

2. മരം ചെടി എന്നിവററിന്റെ ഇലകളിന്മെൽ പട്ടന്ന മഴതിങ്ങി പൊകുന്നതല്ലാതെ വേരുകളിൻവഴിയായി മണ്ണിലാഴെ കുടിച്ചു പൊകുന്നതിനാൽ മരങ്ങളും ചെടികളും വെട്ടിയ പിൻ ആയത്തു കുറഞ്ഞു പൊകുമല്ലൊ. എല്ലാ കുററികൾ തഴെക്കാറില്ല ചിലത്തു അവിഞ്ഞു പൊകയെയുള്ളൂ. അങ്ങിനെയായാൽ വന്മഴ അറെച്ചു പൊകുന്നെരം മലകളിൽനിന്നും ഓരൊകുന്നുകളിൽനിന്നും പാറമെലുള്ള മണ്ണു ഒലിച്ചൊലിച്ചു കയനെ (മുരം) പാറയെ ശേഷിക്കുന്നുള്ളൂ; അതിനാൽ അനെകം തിന്മകളുണ്ട്ട.

൧. നേരിയ മണ്ണും നാട്ടിലെ വെള്ളവും വെറുതെ ഒലിച്ചു കടലിൽ പൊകുന്നു.

൨. മലയിലെ മണ്ണു ഒലിച്ചു പൊയാൽ ഏറിയ പുരുഷാന്തരങ്ങൾ കഴിഞ്ഞിട്ടു വെണം പിന്നെയും മണ്ണു പിടിപ്പിപ്പാൻ.

൩. മണ്ണു ഒലിച്ചു പൊയ ചിലസ്ഥലങ്ങളിൽ ഒരു കാലവും ഇനി പിടിക്കയില്ല.

൪. ഉറെച്ചു മഴപെയ്താൽ പുഴകൾ കവിഞ്ഞു കുടി പാലങ്ങൾ ആൾ കന്നുകാലി മുതലായവററെ നശിപ്പിക്കും. ചില എടത്ത് നല്ല കൃഷിനിലങ്ങളെ ചരലും കല്ലും കൊണ്ടു മൂടിക്കളയും. പരന്ത്രീസ ഔസ്ത്രിയ നാട്ടുകളിലും ഏറിയ കാട്ടു വെട്ടിയതിനാൽ ഈ പറഞ്ഞ നഷ്ടങ്ങൾ കാണൊം. കണ്ണുള്ളവക്ക ഈ നാട്ടിലും കാണൊം.

൫. നാട്ടിലെ പുഴകൾ ചെറുതാകയല്ലാതെ നാട്ടിലെ ഈറം (നിലത്തിന്റെ പൂൽ) കുറയുമളവിൽ ചൂട് അധികം ആകും.

൩. മെല്പറഞ്ഞ കുറവുകൾ തീക്കുവാനുള്ള വഴി.

വളൎത്തക്കാട്ടുണ്ടാക്കുവാൻ രണ്ടു വഴികൾ ഉണ്ട്ട: ഒന്നുകിൽ തന്നാലെ അവെച്ചു വരുന്നകാട്ടു അല്ലെങ്കിൽ വളൎത്തുണ്ടാക്കിയകാട്

1. തന്നാലെ അവെച്ചു വരുന്നകാട്ടും ഈ നാട്ടിൽ മഴക്കാലത്ത കാട്ടു കുന്നു പ്രദെശങ്ങളിൽ വെട്ടിയമരം ചെടി കുററികൾ അവെച്ചു തളിക്കുന്നത് കൂടാതെ കാററു മൃഗം പക്ഷികളാൽ അവിടവിടെ വീഴ

ന്ന പലതരവിത്തുകൾ തന്നാലെ മുളച്ചുമുളച്ചുവരും അതിനെ ചില വൎഷം തൊടാഞ്ഞാൽ തന്നാലെ കാടായ്തീരും.

2. കുററിക്കാടു കൊത്തി കുററിപൊരിച്ചു ചേൎത്തു തീ കൊടുത്തു ചുട്ടുഴുതു നല്ലമരങ്ങളുടെ വിത്ത് എറിഞ്ഞു അവെച്ചു കുററിക്കാടായ പിൻ മെലിഞ്ഞതും ഊക്കില്ലാത്തതും വെട്ടി ഇങ്ങിനെ മരങ്ങളാകുമളവിൽ വളവുമുതലായ ഊനങ്ങളുള്ള മരങ്ങളെ വെട്ടി വന്നാൽ പത്തമുപ്പതു വൎഷത്തിനകം നല്ല കാടുണ്ടാകും. ചിലർ തങ്ങളുടെ തോട്ടങ്ങളിൽ ഓരൊ കാട്ടുമരത്തൈകൾ പാവിയുണ്ടാക്കി തിരുവാതിരഞാററുതലയിൽ തെങ്ങിൻതൈകൾ പൊലെ നടാറുണ്ടു. അതിന്നായി മാവു പിലാവു ഇത്യാദികളെയും കൊള്ളിക്കാം എന്നാൽ ഓരൊന്നിന്റെ ചുററിലും ഒരുയൎന്ന കിടങ്ങിനെ കിളെക്കെണ്ടിവരും. കാടു വളരുന്തോറും മരങ്ങളുടെ താഴെയുള്ള കൊമ്പുകൾ തറിച്ചുവന്നാൽ മരം നെരെ പൊകുന്നതു കൂടാതെ നരിക്കൂട്ടത്തിന്നു അതിലിരുന്നു നാട് ഉപദ്രവിപ്പാൻ സംഗതിയില്ല. ഫലമരങ്ങളുടെ കൊമ്പു തറിക്കയല്ല ചുറെച്ചോടിച്ചു തന്നാലെ ഉണങ്ങിയാൽ മരത്തിനു നൊവു തട്ടാതെ മുറിക്കെണ്ടതു എന്നാൽ ഇതിന്നു പല ശത്രുക്കളുമുണ്ടു; ആയിരം പണത്തിന്റെ പറമ്പു അഞ്ചു പണത്തിന്റെ ആടു തീക്കും എന്നൊൎത്താൽ ഓരൊ തളിർ കടിക്കുന്നതുകൊണ്ടു ആട്ടിന്നു സമശത്രുവില്ല സംശയം; അതുപൊലെ അഴലുന്ന പുലയിക്കു കാട് കാണിക്കെണ്ടാ എന്നു പാൎത്താൽവിറകിന്നു മുട്ടുള്ളവർ തങ്ങൾക്കുള്ള അന്നേത്ത കുഴക്ക് തീക്കെണ്ടതിന്നു ഇഷ്ടം പൊലെ വെട്ടാറുണ്ടു. അല്ലാതെ കൃഷിമുതലായ ഓരൊപണിക്കു വിവരമില്ലാതെ കണ്ടു തൂപ്പു കൊത്തി കൊണ്ടു പൊകുന്നതും കാണാം.

ഇങ്ങിനെ ഇരിക്കുമ്പൊൾ കാടു തടിക്കാതെ ക്രമത്താലെ മഴവനും പൊയ്പ്പോവാൻ സംഗതി ഉണ്ടല്ലൊ. ഈ കുറവുകളെ തീക്കുന്ന വഴികളാവിതു:

൧. മുമ്പന്മാർ നമുക്കായിക്കൊണ്ടു ഓരൊന്നുണ്ടാക്കി വെച്ചതുപൊലെ നാമെല്ലാരും കയ്യിലുള്ളതിനെ നന്നായിരക്ഷിച്ചു പിൻവരുന്ന തലമുറകൾക്കായി ചിന്തിക്ക ആവശ്യം.

൨. ജന്മികൾ വിശ്വസ്ത കാവല്ക്കാരെ ആക്കുന്നതൊഴികെ ആളേറ ചെല്ലുലും താൻ ഏറചെല്ല നല്ല എന്നുവെച്ചു ജന്മികൾ താന്താങ്ങൾ പൊയി തങ്ങളുടെ വസ്തു നൊക്കുകയിൽ രണ്ടു ന്യായങ്ങൾ സാധിപ്പാനുണ്ടു: താന്താങ്ങൾ നൊക്കുകയാൽ വളൎത്തുകാടിന്നു അധികം കെടുതട്ടാനില്ല; കുടികൾക്കു ഉപദ്രവം വരാതെ അവരെ ആദരവൊടും കൂറൊടും രക്ഷിക്കയും ആം.

൩. കന്നുകാലി ആട്ടുകളും കാട്ടുകയറി നശിപ്പിക്കാതിരിക്കെണ്ടതിന്നു, വളൎത്തക്കാടിന്നു നിയമിച്ച കുന്നൊ മൊട്ടപ്പറമ്പൊ പച്ച വേലി കൊണ്ടൊ കിളകൊണ്ടൊ കല്ലുകൊണ്ടൊ കെട്ടുന്നതാവശ്യം തന്നെ.

൪. കല്ക്കട്ടർ ബെല്ലാൎത്ത സായ്പവൎകൾ ഇങ്ങിനെത്ത വളൎത്തക്കാട്ടുകൾക്കു നന്നായി പററുന്ന കുന്നുകളിൽ വിശേഷിച്ചു കാണിച്ചു കൊടുക്കുന്നവ ഏവയെന്നാൽ: പൊന്നാനി പുഴയുടെ വടക്കെ ഭാഗത്ത് തിരുവങ്ങാടി ലക്കിടി കോട്ട എന്നിവററിൻ ഇടയിലുള്ള ഉയൎന്ന പ്രദെശവും ഏറനാട് താലൂക്കിലെ മഞ്ചെരി മലപ്പുറം കുണ്ടൊടികൾക്കു സംബന്ധമായ പ്രദെശവും, കൊഴിക്കൊട്ടു താലൂക്കിൻെറ നടുവിലെ ഉയൎഭൂമികളും, കുറുമ്പ്രനാട്ടിലിരിക്കും കൊക്കല്ലൂരാദി അംശങ്ങളിലും സാക്ഷാൽ ഈ മലയാം പ്രവിൻശ്യക്കുള്ള മിക്കതാലൂക്കുകളിലുള്ളതായി പരപ്പേറുന്ന കുന്നു, മെട്ടപ്രദെശങ്ങളും എന്നിവ തന്നെ. അവററിൽ പലതും മെച്ചലിന്നു പൊരാതെ പാഴായ്ക്കിടക്കയാൽ അവററിൻെറ മുതലാളിക്കും മുഴനാട്ടിന്നും വളൎത്തക്കാട്ടുണ്ടാക്കിയാൽ വരുവാനുള്ള നന്മെക്കു അററമില്ല.

ഇങ്ങിനെ വളൎത്തക്കാട്ടു സംരക്ഷണം ചെയ്തിട്ടു ദൈവസഹായത്താൽ ഉരുവാകുന്ന നന്മകൾ ചുരുക്കത്തിൽ പറയുന്നു.

൧. വളൎത്തക്കാട്ടു ഏറുമളവിൽ മേഘങ്ങൾ ആകൎഷിക്കപ്പെട്ടിട്ടു അധികം മഴപെയ്യും.

൨. മഴവെള്ളം ചീളുന്നു ഒലിച്ചു പൊകാതെ വിശെഷിച്ചു അവിടവിടെ കുടിച്ചുപൊം, എന്നിട്ടു പുഴമുള്ള വയൽ പറമ്പാദികൾക്കു പൂൽ ഏറി കുളം കിണർമുതലായവററിൽ കീഴ്ക്കണ്ട പൊലെ നീർപഞ്ചം തട്ടാ.

൩. വളൎത്തക്കാട്ടിൽ കൊല്ലന്തൊറും തറിക്കെണ്ടും കൊമ്പു ചെടികളാൽ കൃഷിക്കു പിടിപ്പായ തൂപ്പും അതിനാൽ അധികം വളവും മേനി മികെപ്പും സാധിക്കും.

൪. പെരുകിവരുന്ന കുടികളിൽ വിറക മുട്ടുപൊലെ കിട്ടുകയും പണിത്തരമരങ്ങളുണ്ടാകയാൽ ജന്മികൾക്കു ഓരൊ അനുഭവവും സാധിക്കുമല്ലൊ.

ആകയാൽ ജന്മി കുടിയാന്മാരും ഇക്കാൎയ്യം നന്നായി വിചാരിച്ചു ഗുണം വരുന്ന വഴി നൊക്കെണമെ!

ഇത്ഥം ഗുണാകരകാംക്ഷിതനഗരെ വസത യൂയം മിത്രാജ്ഞ്യ ഗുണീകരണകാംക്ഷിതാഃ ശുഭം അസ്തു.

ചികിത്സ.

ഈ രാജ്യത്തിൽ പണ്ടുപണ്ടെ പല സിദ്ധൌഷധങ്ങൾ അറിയുന്നവർ ഉണ്ടായിരുന്നിട്ടും ആയവർ രഹസ്യമായി മൂടിവെച്ചതിനാലല്ലൊ ആൎക്കും ഉപകാരമില്ലാതെ പൊയതു! എന്നാൽ അപ്രകാരം വിചാരിയാതെ സാരമാം പ്രയൊഗത്തിന്നു എളുപ്പവുമായ ചില മരുന്നുകൾ ഇതിനാൽ അറിയിച്ചു കൊടുക്കുന്നതു ആവശ്യമെന്നു തോന്നിയിരിക്കുന്നു.

൧. ഈററു നോവേററു കിടപ്പവകൾക്കു. പന്നിത്തേററ വെള്ളത്തിൽ തഴച്ചു കഴുത്തിന്നു കിഴ്പെട്ടു തുടയൊളം കീഴൊട്ടു തേക്ക അപ്പൊൾ പെറും. ഉടനെ ആയതു മെലൊട്ടു തേക്ക.

൨. പെററാൽ വരുന്ന ഗുന്മനു ഇന്തുപ്പു നല്ലെണ്ണയിലൊ ചൂടുവെള്ളത്തിലൊ പൊടിച്ചിട്ടു കുടിക്ക.

൩. ശിശുക്കൾക്കു അതിസാരത്തിന്നു. ചെറുകടലാടി സമൂലമരച്ചു മൊരിൽ കുറുക്കി കൊടുക്ക. അതിസാരം ശമിക്കും. അമ്പാഴത്തിൻ തൊൽ ഇടിച്ചു പിഴിഞ്ഞ നീരൊടു സമം പശുവിൻപാൽ ചെൎത്തു കൊടുക്ക. രക്താതിസാരം ശമിക്കും.

൪. ശിശുക്കൾക്കു ഗ്രഹണിക്കു. പിച്ചകത്തില നീർ നാഴി. നല്ലെണ്ണ നാഴി കൊഴിച്ചിൽ വേർ. ഇരട്ടിമധുരം ൩. ൩. കഴഞ്ചി കല്ക്കം ചെൎത്തു മെഴപാകത്തിൽ കാച്ചിസേവിപ്പിക്ക.

൫. ശിശുക്കൾക്കു അംഗശക്തിക്കു. കൂവപ്പൊടി ഉഴക്ക അരക്കപൊടി ഉഴക്ക തമ്മിൽ ചേൎത്തു രണ്ടു കിഴിയാക്കി നാഴി എണ്ണ വെയിലിൽ വെച്ചു അതിൽ കിഴിയായിട്ടു ദിവസെന ചൂടാക്കി കിഴി പിഴിഞ്ഞു മെൽ തേക്ക.

൬. ശുക്ലരക്തസ്രാവങ്ങൾക്കു. ചിററാമൃത ശതാവരി നിലപ്പനകിഴങ്ങ ഇവയുടെ ഊറൽ സമമെടുത്തു അത്ര പഞ്ചസാരയും കൂട്ടി പാലിൽ സെവിക്ക.

൭. കൊടിയ വിഷത്തിന്നു. പച്ചൊലപാമ്പിന്റെ തല ഉണക്കി പൊടിച്ചു ഗുളികയാക്കി സൂക്ഷിക്ക. കടിപെട്ടാലുടനെ കടിവായിൽ തേക്ക.

൮. ആന്ത്രത്തിന്നു. മുക്കുററി കുത്തിപ്പിഴിഞ്ഞ നീററിൽ അത്ര മൊരും പകൎന്നു ഉപ്പിട്ടു കുടിക്ക.

൯. ഒരിച്ചെന്നികുത്തിന്ന്. ചെറുനാരങ്ങ പുളിയിലരച്ചു നെററിമെൽ വടിക്ക.

൧൦. വയറ്റുവേദനക്കു. ജീരകം കാഞ്ഞ വെള്ളത്തിൽ അരച്ചു കൊടുക്ക.

൧൧. രാപ്പനിക്കു. മുഴച്ചെവി പാലിൽ അരെച്ചു കുറുക്കി കുടിക്ക.

൧൨. കൃമിക്കു. തുമ്പക്കൊട്ട മൊരിൽ അരച്ചു കാച്ചി കൊടുക്ക.

൧൩. വീക്കത്തിന്നു. വയൽചുള്ളിവേരും ചൂരൽവേരും മൊരിൽ അരച്ചു കലക്കി സൎവ്വാംഗം തേക്ക.

൧൪. പല്ലിന്റെ വ്യാധികൾക്കു. തിപ്പലിയും ചതുകുപ്പയും എണ്ണയിൽ പൊടിച്ചിട്ടു കവിളുക.

൧൫. കാസശ്വാസത്തിന്നു. ത്രികട്ടു കീഴാർനെല്ലി ചെറുതേക്ക് ചുണ്ട എന്നിവകൊണ്ടുള്ള കഷായം കുടിക്ക.

൧൬. അഗ്നിമാന്ദ്യത്തിന്നു. ഉഴക്ക ചുക്ക നാഴിവെള്ളത്തിൽ കഷായം വെച്ചു പഞ്ചസാര ഇട്ടു കുടിക്ക.

൧൭. ചൊറിക്കു. കാക്കോലരി വെളിച്ചെണ്ണയിൽ ചുകക്ക വറുത്തരച്ചു തേക്ക.

൧൮. കുരക്കു. ചുക്ക തിപ്പലി കുരുമുളക എന്നിവ പൊടിച്ചു പശുവിൻ നെയ്യും കല്ക്കണ്ടിയും തെനും കൂട്ടി ചാലിച്ചു സേവിക്ക.

൧൯. മൂത്രം ഇളക്കുവാൻ. ചെറുപയർ പരിപ്പും ജീരകവും ഓട്ട കാച്ചി രണ്ടിളനീർ വെള്ളത്തിൽ കഷായം വെച്ചു ഒരു കടുക്കയും രണ്ടു തെററാമ്പരലും പാതി കുറുക്കി കുടിക്ക.

൨൦. മീൻ പാച്ചലിന്നു. കലങ്കൊമ്പു കാടിവെള്ളത്തിൽ തഴച്ചു സൎവ്വാംഗം തേക്ക.

നാഡിക്രമം.

ഒരു വിനാഴികക്കിടെ പ്രായപ്രകാരം മിടിക്കുന്ന നാഡി.

പ്രായക്രമം.	നാഡിയുടെ അടി.
അപ്പൊൾ പിറന്ന പൈതൽ . . .	൧൪൦.
ശിശു	൧൨൦—൧൩൦.
ശൈശവം	„ ൧൦൦.
പുരുഷൻ	൭൦— ൭൫.
വൃദ്ധൻ	„ ൭൦.
വാൎദ്ധക്യം	൭൫— ൮൦.

മേല്പറഞ്ഞ ചികിത്സകൾ ഈ ക്രമപ്രകാരം നാഡിയെ പരീക്ഷിച്ചിട്ടു ദെഹത്തിന്റെ ബലഹീനതകളെ അറിഞ്ഞു കൊണ്ടു ചെയ്യെണ്ടതാകുന്നു.

ഇടയചരിത്രഗീതം.

(കണ്ണപ്പശ്വരീതി.)

ഗുണമാൎന്നുള്ളൊരു കഥയെ ചൊല്ലുവാൻ |
സമസ്തരക്ഷകൻ തുണക്ക മെ സദാ ||
പുമൎത്ഥസാരങ്ങളരുളിന ഗുരു |
ഭ്രമം കളയുവാനുരച്ച ശിഷ്യനായി ||
പുരാണമാമൂരിൽ പ്രവേശിപ്പാന്തുനി |
ഞ്ഞൊരുത്തനമ്പൊട്ടു നടന്നീടും വിധൌ ||
ഉരത്തകാട്ടിലെ ചരലും മുള്ളുകൾ |
തറച്ചു ഖിന്നനായ്തുളൎന്നു സൎവ്വാംഗം ||
മുറിഞ്ഞു ചൊരയും പൊഴിഞ്ഞു കണ്ണുനീർ |
ചൊരിഞ്ഞുമുച്ചത്തിൽ വിളിച്ചുമാടിനെ ||
പരിഭ്രമാൽ വരും പുരുഷനെ കണ്ട |
ങ്ങരികിലെത്തിയൊരുളവു ചൊല്ലിനാൻ ||
വനത്തിലെകനായി നടക്കുമാരു നീ |
വനെചരനല്ല സുരാജ്യവാസിതാൻ ||
മനോഹരാംഗ നിൻ ജനകനാരെടൊ |
ഇനിക്കിതൊക്കയുമുരക്ക സത്യമായി ||
നമുക്ക തൊന്നുമാറിതങ്ങു നീയെന്തു |
തനിച്ചു കാനനെ ഉഴന്നു കേഴുവാൻ ||
മനുഷ്യരിൽ പ്രഭുതപമുള്ളൊരാകൃതി |
ക്കനുചിത മഹൊ ഇടയവേഷമെ ||
പഥികവാക്കു കെട്ടിടയനോതിനാൻ |
കഥിക്കുവനെല്ലാം സഖെ ശ്രവിക്കെടൊ ||
അശെഷരാജരാജപുത്രനായ ഞാൻ |
വശത്തിൽനിന്നു പൊയൊരാട്ടു കുഞ്ഞിനെ ||
വശീകരിക്കുവാൻ ജനകവാക്യത്താൽ |
തെളിഞ്ഞിറങ്ങിനെനജത്തെ തേടുവാൻ ||
അശേഷകൎത്താവും സമസ്തശക്തനും |
വിശിഷ്ട മഹാത്മ്യപ്രകാശമുള്ളോനും ||
അദൃശ്യമാകിയ വെളിച്ചമുള്ളോരു |
സ്ഥലെ വസിപ്പവൻ പ്രഭുവുമാം പിതാ ||
അവനൊരുത്തനായി ജനിച്ച നന്ദനൻ |

അഹൊ മഹാപ്രേമം ധരിച്ചു കൊണ്ടെന്നിൽ ||
സഹ വസിക്കുവാൻ സമ്മാനിച്ചുമവൻ |
എനിക്കും മർത്ത്യരെയുടമയാക്കുന്നാൻ ||
മഹാ പ്രഭുവായൊരവനു മാടുകൾ |
ബഹുക്കളുണ്ടവ സുഖിച്ചിരിക്കുവാൻ ||
അതുല്യസ്നേഹത്താലരുളി എങ്കിലും |
അവററിലൊന്നിഹ ഗണം പിരിഞ്ഞുടൻ ||
നടക്കയിൽ പിതാവതിൽ കരുണയാൽ |
മടക്കുവാനുന്നിഞ്ഞയച്ചു വെന്നെത്താൻ ||
അവനസംഖ്യമായിരിക്കിലും ജനം |
അവിശിഷ്ടുതന്നിൽ വളൎന്നവാത്സല്യം ||
നിജാത്മജനെ താനിതിന്നയക്കയാൽ |
അജത്തിലെപ്രേമമതിന്നു കാട്ടുന്നു ||
പിതാവിന്നാജ്ഞ ഞാൻ നിവൃത്തി ചെയ്യുവൻ |
ഹിതം തികക്കുവാൻ മുദാ പുറപ്പെട്ടേൻ ||
വെടിഞ്ഞിനിക്കുള്ള മഹത്വത്തെ എല്ലാം |
ഇടയവേഷത്തെ ധരിച്ചീവണ്ണമായി ||
തിരഞ്ഞുമെറെ നാളുഴന്നു വെങ്കിലും |
വരുന്നു കണ്ടില്ല ഫലമൊരല്പവും ||
അകന്നുകണ്ടുഞാൻ വിളിക്കുന്നേരത്തു |
പകന്നതിൻഭാവം ദ്രുതം ഗമിക്കുന്നു ||
അലിവുമെന്നുള്ളിൽ വളൎന്നിരിക്കയാൽ |
ചലിക്കയില്ലുഞാൻ ലഭിച്ചീടുംവരെ ||
ജനങ്ങൾ നിന്ദിച്ചു വിഭാഷിച്ചെങ്കിലും |
ഇനിക്കൊരല്ലലും കുറവുമില്ലൊട്ടും ||
മറഞ്ഞുപൊയാടെ ലഭിക്കിൽ മെ മതി |
വരാഞ്ഞുയാലത്രെ അസഹ്യമാകുന്നു ||
പുലികൾ ചെന്നായ്ക്കൾക്കിരയതാകിലും |
ഗുഹയിലും കള്ളൎക്കധീനമാകിലും ||
രിപുക്കളായിര മിരിക്കില്യ മുയിർ |
വെടിഞ്ഞുപാലിപ്പനതില്ലസംശയം ||
ഇവണ്ണമോതിയൊരുവവൻ ഗാത്രം |
വിറച്ചുകണ്ണീരും പൊഴിഞ്ഞതു കണ്ടു ||
അഹോ നിണക്കത്രെ ദയാമഹത്വങ്ങൾ |

ഒരുത്തനില്ലേവം പഥികനെന്നോതി ||
ഗമിപ്പനിന്നിനി ദ്രുതംലഭിക്ക നീ |
മറഞ്ഞുപോയാടെ പരേശകാരുണ്യാൽ ||
ഇനിക്കു കാൎയ്യങ്ങൾ പലതിരിക്കവെ |
വരാൻ കഴിവില്ലെന്നുരച്ചു യാത്രയായി ||
പുറപ്പെട്ടനേരം കരഞ്ഞിടയനും |
മനസ്സലിഞ്ഞിട്ടു പറഞ്ഞയച്ചേവം ||
"ഉരത്ത വൻകാട്ടിലജത്തെ നീ കണ്ടാൽ |
"തിരഞ്ഞു ഞാനേവമുഴന്നീടുന്നതും ||
"മടിക്കവേണ്ടൊട്ടും ഗമിക്ക നീയവ |
"ന്നടുക്കൽ നിമ്പിഴയവൻ പൊറുക്കുമെ ||
"മുഴുത്ത തൊഷത്താൽ ജനകനും നിന്നെ |
"മടിയിൽ വെച്ചിട്ടു താലോലിക്കെയുള്ളു" ||
കഥിച്ചിതുംവണ്ണമയച്ചു പാന്ഥനെ |
തഥാ തിരിഞ്ഞിട്ടു ഗമിച്ചു പിന്നെയും ||
ശ്രമിച്ചും ഉച്ചത്തിൽ വിളിച്ചു മാടിനെ |
ക്രമാൽ പ്രവേശിച്ചാനെരുശലെമൂരെ ||
രിപുവിൻ കയ്യതിലവശനാ മാടെ |
വിപത്തിനെ തീൎത്തങ്ങുദ്ധാരണം ചെയ്വാൻ ||
തുനിഞ്ഞെത്തീടുന്നിടയനെ കൊൽവാൻ |
പിടിച്ചു ശത്രുക്കൾ നഗരത്തുൾ പുക്കാർ ||
അമാത്യരും കണ്ടിട്ടുരച്ചുവാരു നീ |
സമസ്തഭൂപാലപ്രഭു തനയൻ ഞാൻ ||
ഇതൊട്ടു കേട്ടപ്പോൾ രിപുക്കൾ ദ്വേഷത്താൽ |
തുടരിമുള്ളാലെ കിരീടവും വെച്ചു ||
ചുകന്നവസ്ത്രത്തെ ഉടുപ്പിച്ചു തുപ്പി |
മുഖത്തടിച്ചിട്ടുമിടിച്ചു നിന്ദിച്ചും ||
തറക്കുവാൻ വൃക്ഷ നൃപാജ്ഞകൾക്കയാൽ |
ഭടരുമവ്വണ്ണം തറച്ചു ക്രൂശിന്മെൽ ||
പഥികനുമപ്പൊളിടയനന്തികെ |
നടന്നുചെന്നിതു പറഞ്ഞിതിൻ വണ്ണം ||
ത്യജിപ്പതിന്നിപ്പൊളജത്തിലാഗ്രഹം |
ഭവിച്ചൊ എന്നങ്ങു ശ്രവിച്ചു ചൊല്ലിനാൻ ||
അജത്തെ രക്ഷിപ്പാനുത്ഥാനംചെയ്യുപിൻ |

വഴിവരുത്തുന്നെൻ പിതൃപ്രസാദത്താൽ ||
ഇതു സമസ്തർക്കും സുരക്ഷമാൎഗ്ഗമായി |
വരുമിതെന്നേകിയടങ്ങിടയനും ||
ഇതിൻ പൊരുളെല്ലാം ധരിച്ചുകൊൾക നീ |
ഈടാൎന്നശിഷ്യനോടുരെച്ചു ദേശികൻ ||
പരേശദൈവവും സ്വവാക്യശക്തിയാൽ |
ഇഹപരങ്ങളെ പടച്ചുകൊണ്ടതിൽ ||
അനെകമാം ജീവങ്ങളെയുമായതിന്ന |
ധീശരായിരണ്ടു മനുഷ്യരെ തീൎത്തു ||
നിജാകൃതിപ്രകാരമായരുളിനാൻ |
നിജഹിതത്തെയു മിരു മനുഷ്യൎക്കും ||
ജനകനുമേദൻ പ്രസൂനവാടിയിൽ |
പറഞ്ഞു പാൎപ്പിച്ചാനിരുവരും പിന്നെ ||
തഥാവസിക്കുമ്പൊൾ പിശാചിൻ വൻചതി |
വചസ്സുകേട്ടവർ പരെശവാക്യങ്ങൾ ||
മറന്നുപാപത്തിൽ മുഴകി തൽഭവ |
മനുഷ്യരിൽ പാപം പരംപരയാലെ ||
പ്രകാശമായതു നിനച്ചു ദൈവവും |
കനിഞ്ഞിവൎക്കുടൻ ദുരിതമൊക്കവെ ||
നശിപ്പിച്ചീടുവാനുചിതമാൎഗ്ഗത്തെ |
കൊടുത്തു വാഗ്ദത്ത മിനിക്കു കന്യയിൽ ||
ജനിച്ചിടും സുതൻ ഗുണവിശിഷ്ടനാം |
മനുഷ്യനായവൻ കിഴിഞ്ഞു ഭൂമിയിൽ ||
വരുത്തും നിങ്ങടെ ദുരിതനിഷ്കൃതി |
സ്വശോണിതം കൊണ്ടെന്നിവ്വണ്ണ മേകിനാൻ ||
ധരിക്ക യേശുവെന്നൊരുപരേശജൻ |
പിറന്നതിൻവണ്ണം കുമാരനൂഴിയിൽ ||
സമസ്തശക്തനാം പരേശകല്പനാ |
നടത്തിയൊക്കവെ പിഴച്ചുപോയവർ ||
വനെ ഭ്രമിച്ചീടു മജത്തിനൊക്കുന്ന |
മനുഷ്യപാപങ്ങൾ നിവൃത്തി ചെയ്തുടൻ ||
വരുത്തി രക്ഷയെ സുദൈവമാഹാത്മ്യം |
പുകഴ്ത്തി എല്ലാൎക്കും പരേശവിശ്വാസം ||
സമസ്തസാരമെന്നുരച്ചു ഘോഷിച്ചും |

തന്നിഷ്ടമൊക്കവെ പ്രമാണമാക്കിയും ||
ഉലകു രക്ഷിപ്പാൻ സ്വരക്തമൎപ്പിച്ചും |
ഉയിൎത്തെഴുനീററു തൃതീയവാസരെ ||
പുതുതായൊപ്പിച്ചു പൂൎവ്വൊപദേശത്തെ |
സ്വശിഷ്യരോട്ടരിൽ സ്വദൈവവിശ്വാസം ||
വരുത്തുവിനെന്നു നിദേശവും ചെയ്തു |
കരേറിനാനവൻ സ്വൎഗ്ഗീയമാസനം ||
ഇറക്കി പിന്നെതിൽ പവിത്രാത്മാവിനെ |
സ്വശിഷ്യരുമപ്പൊളുതിന്റെ ശക്തിയാൽ ||
പ്രസംഗിപ്പാൻ ചെന്നുരക്ഷാൎത്ഥ നാമത്തെ |
